ജലവിഭവ വകുപ്പ്
കേരള സർക്കാർ

# ജലതരംഗം
## വാർത്താ പത്രിക
### ഇടുക്കി മേഖല

ജലനിധി

ഡിസംബർ 2016
ലക്കം 1
പുസ്തകം 1

www.jalanidhi.kerala.gov.in

കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (ജലനിധി)

## എഡിറ്റോറിയൽ



ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ശുദ്ധജല ലഭ്യത. കേരളത്തിൽ ഒരു വർഷം ശരാശരി മൂന്നു മീറ്റർ മഴ ലഭ്യമാകുന്നുണ്ടെങ്കിലും മഴക്കാലം കഴിഞ്ഞാൽ ഉടൻ തന്നെ ജലക്ഷാമം നേരിടുന്ന നിരവധി പ്രദേശങ്ങൾ നമ്മുടെ നാട്ടിലുണ്ട്. കേരള സർക്കാർ നടപ്പിലാക്കുന്ന ഹരിതകേരളം മിഷൻ പദ്ധതിയിൽ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും മാലിന്യ സംസ്ക്കരണത്തിനും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്.

കാര്യക്ഷമമായ ശുദ്ധജല വിതരണ സംവിധാനത്തിന്റെ രൂപീകരണം ഏതൊരു രാജ്യത്തിനും സുപ്രധാനമാണ്. കുടിവെള്ള വിതരണവും ശുചിത്വ പരിപാലനവും പ്രാദേശിക സർക്കാരുകളുടെ ചുമതലയായിട്ടാണ് പഞ്ചായത്ത്രാജ് നിയമം അനുശാസിക്കുന്നത്. അധികാര വികേന്ദ്രീകരണം നടത്തി പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നിട്ട് രണ്ടു പതിറ്റാണ്ടുകളാകുമ്പോഴും ഫലപ്രദമായ കുടിവെള്ള വിതരണ സംവിധാനം രൂപീകരിക്കുവാൻ പല പഞ്ചായത്തുകൾക്കും തുണയായത് ജലനിധി പദ്ധതിയാണ്. കേരള സർക്കാർ ലോകബാങ്ക് സഹായത്തോടെ തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടം പൂർത്തീകരണത്തോട് അടുത്തുകൊണ്ടിരിക്കുകയാണ്. ജനപങ്കാളിത്തത്തോടെ ഉയർന്ന ഗുണനിലവാരത്തിൽ കുറഞ്ഞ ചിലവിൽ പൂർത്തിയാക്കുന്ന കുടിവെള്ള വിതരണ പദ്ധതികളുടെ തുടർ നടത്തിപ്പ് ജനങ്ങൾ തന്നെ ഏറ്റെടുക്കുന്നതിനാൽ കാര്യക്ഷമതയും സുസ്ഥിരതയും വളരെ കൂടുതലാണ്. ഇടുക്കി മേഖലയുടെ കീഴിൽ കോട്ടയം, ഇടുക്കി, പത്തനംതിട്ട. തിരുവനന്തപുരം ജില്ലകളിലെ 43 പഞ്ചായത്തുകളിലായി 1082 ചെറുതും വലുതുമായ കുടിവെള്ളപദ്ധതികളാണ് രണ്ടാം ഘട്ട ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ജനകീയ ഉടമസ്ഥതയിലും ഉത്തരവാദിത്വത്തിലും ശുദ്ധജലവിതരണം നടത്തുന്ന ജലനിധിയുടെ നേട്ടങ്ങളും മാതൃകകളും പൊതുസമൂഹത്തിന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇതിനായി ജലനിധി ഗുണഭോക്താക്കളിൽ നിന്ന് തിരഞ്ഞെടുക്കുന്നവർക്ക് മാധ്യമ പരിശീലനം നൽകി, ജലനിധിയുടെ ഔദ്യോഗിക വാർത്താ പത്രിക മേഖല അടിസ്ഥാനത്തിൽ പ്രസിദ്ധീകരണം ആരംഭിക്കുകയാണ്. ദ്വൈമാസ പ്രസിദ്ധീകരണമായ ജലനിധിയുടെ ജലതരംഗം വാർത്താ പത്രികയുടെ ആദ്യലക്കം ഗുണഭോക്തൃ സമിതികൾക്കും, ജനപ്രതിനിധികൾക്കും, ജലനിധി പ്രവർത്തകർക്കും സമർപ്പിക്കുകയാണ്. ജലതരംഗം ഒരു ജനകീയ വാർത്താ പത്രികയായി ദീർഘകാലം നിലനിൽക്കട്ടെ

റെജി കെ.ജി.

റീജിയണൽ പ്രോജക്ട് ഡയറക്ടർ ഇൻ ചാർജ്ജ്, ഇടുക്കി - തൊടുപുഴ

## എക്സിക്യൂട്ടീവ് ഡയറക്ടർ അവലോകനം നടത്തി

ജലനിധി പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനും പഞ്ചായത്തുതലത്തിലെ പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനുള്ള തടസ്സങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും ഇടുക്കി മേഖലാതല അവലോകനം നടത്തി. കേരള ജലവിഭവ സെക്രട്ടറിയും ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടറുമായ ടിങ്കു ബിസ്വാൾ ഐ.എ.എസ്.ന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട അവലോകന മീറ്റിംഗിന് ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേഷൻ ഡയറക്ടർ കെ. ശ്യാമള, ഡയറക്ടർ ഓപ്പറേഷൻസ് വി.എൽ. മോഹൻകുമാർ, എച്ച്.ആർ.ഡി. ഡയറക്ടർ എം. പ്രേംലാൽ, ടെക്നിക്കൽ ഡയറക്ടർ കെ. മോഹൻ, എം & ഇ ഡയറക്ടർ അരുൺരാജ് എസ്., മേഖലാ ഡയറക്ടർ ഇൻ ചാർജ്ജ് റെജി കെ.ജി. എന്നിവർ നേതൃത്വം നൽകി. ബാച്ച് ഒന്നിലെയും, രണ്ടിലെയും, മൂന്നിലെയും കുടിവെള്ള വിതരണ പദ്ധതികളുടെ നിർമ്മാണം, ഭൂജല പരിപോഷണ പരിപാടികൾ, ജലഗുണനിലവാര പ്രശ്ന പരിഹാരം, ഓഡിറ്റിംഗ്, കുടിവെള്ള വിതരണ പദ്ധതികളുടെ ഫണ്ട് വിതരണം, പഞ്ചായത്ത്തല പ്രതിമാസ പദ്ധതി അവലോകന മീറ്റിംഗുകൾ, ഗുണഭോക്തൃ സമിതികളുടെ പ്രതിമാസ മീറ്റിംഗുകൾ, സമിതി നിയമാവലി ഭേദഗതി, ഒ.ഡി.എഫ്. ഫണ്ട് വിതരണം, ജലനിധി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റത്തിന്റെ പുതുക്കൽ, വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ തുടങ്ങിയവ അവലോകനം ചെയ്യപ്പെട്ടു. റീജിയണൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ സ്റ്റാഫ് അംഗങ്ങൾ അവലോകനത്തിൽ പങ്കെടുത്തു.



**ജലം അമൂല്യമാണ്**

**പാഴാക്കരുത് തുള്ളിപോലും**

# കുടിവെള്ള പദ്ധതിയുടെ സുസ്ഥിരതയ്ക്ക് ബി.ജി. ഫെഡറേഷനുകളെ സജീവമാക്കണം

ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ ഗുണഭോക്തൃസംഘങ്ങളിലെയും പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിക്കുകയും സന്നദ്ധ സംഘടനയായി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുകയും ചെയ്യുന്ന ബി.ജി. ഫെഡറേഷനെയാണ് രണ്ടാം ഘട്ട ജലനിധി കുടിവെള്ള വിതരണ പദ്ധതികളുടെ തുടർനടത്തിപ്പിന്റെ അമരത്ത് കെ.ആർ.ഡബ്ല്യു.എസ്.എ. നിയോഗിച്ചിരിക്കുന്നത്. പ്രവർത്തനനിരതരായ ബിജി ഫെഡറേഷൻ ഭാരവാഹികളുള്ള ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്തൃസംഘങ്ങൾ ജലനിധിയുടെ മാതൃകകളായി മാറിയിട്ടുണ്ടെന്നത് തർക്കമറ്റ കാര്യമാണ്. മാസംതോറും സംഘടിപ്പിക്കപ്പെടുന്ന ബി.ജി. ഫെഡറേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും മൂന്നു മാസത്തിലൊരിക്കലെങ്കിലും നടത്തപ്പെടുന്ന പൊതുയോഗങ്ങളുമാണ് ഫെഡറേഷനുകളെ പ്രവർത്തനസജ്ജമാക്കുന്നത്. ഫെഡറേഷൻ രൂപീകരണം മാത്രം നടത്തുകയും ഗുണഭോക്തൃസംഘങ്ങളുടെ പ്രതിമാസ പ്രവർത്തന വിലയിരുത്തലോ ഫെഡറേഷന്റെ രജിസ്ട്രേഷൻ പുതുക്കലോ നടത്താത്ത നിർജ്ജീവ ഫെഡറേഷനുകളെ അടിയന്തിരമായി വിളിച്ചു ചേർത്ത് ഭരണസമിതിയുടെ പുനർരൂപീകരണവും രജിസ്ട്രേഷൻ പുതുക്കലും പൂർത്തിയാക്കേണ്ടതുണ്ട്.

ബി.ജി. ഫെഡറേഷൻ പുനഃസംഘാടനം ആവശ്യമായുള്ള സ്ഥലങ്ങളിൽ താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിക്കപ്പെടണം.

1. ബി.ജി.കളിൽ നിന്നും ഫെഡറേഷനിലേക്ക് നാമനിർദ്ദേശം ചെയ്യുന്ന ഭാരവാഹികളുടെ പേരും തസ്തികയും സംഘങ്ങളുടെ ലെറ്റർപാഡിൽ എഴുതി വാങ്ങണം.

2. നാമനിർദ്ദേശം ചെയ്യുന്ന ഭാരവാഹികളുടെ പേരുകൾ അതാത് ബി.ജി.യുടെ മിനിട്ട്സിൽ തീരുമാനമായി എഴുതിച്ചേർത്തിരിക്കണം.

3. ബി.ജി. ഫെഡറേഷന് അംഗത്വ അപേക്ഷാഫാറമുണ്ടായിരിക്കണം. അതിൽ നാമനിർദ്ദേശം ചെയ്തു വരുന്നവർ വിവരങ്ങൾ പൂരിപ്പിച്ച് നൽകിയിരിക്കണം.

4. ഇങ്ങനെയുള്ള അപേക്ഷാഫാറങ്ങൾ ഉപയോഗിച്ച് ഫെഡറേഷന്റെ അംഗത്വ രജിസ്റ്റർ വർഷം തോറും പുതുക്കണം.

5. അംഗത്വ രജിസ്റ്ററിൽ പേരുള്ളവർക്ക് മാത്രമേ ഭരണസമിതിയിലേക്ക് മത്സരിക്കുവാനും വോട്ടുകൾ രേഖപ്പെടുത്തുവാനും അനുമതി ഉണ്ടായിരിക്കുകയുള്ളൂ.

ഗുണഭോക്തൃസംഘങ്ങൾക്ക് പദ്ധതി കൈമാറ്റം ചെയ്ത് സഹായസംഘടനയും ഗ്രാമപഞ്ചായത്ത് സപ്പോർട്ട് ടീമും പിൻവാങ്ങുന്നതോടെ ഉത്തരവാദിത്വങ്ങൾ എറ്റെടുക്കാൻ ബി.ജി. ഫെഡറേഷനുകളെ സജ്ജരാകേണ്ടതായുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബി.ജി. ഫെഡറേഷന്റെ പ്രസിഡന്റായതിനാൽ കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തുവാൻ ഫെഡറേഷനു കഴിയും. നിലവിലുള്ള ജി.പി.എസ്.ടി. ഓഫീസ് ഫെഡറേഷന് കൈമാറുവാനുള്ള ക്രമീകരണങ്ങൾ ഗ്രാമപഞ്ചായത്ത് ചെയ്യേണ്ടതാണ്. ജി.പി.എസ്.റ്റി. ഓഫീസിലെ മുഴുവൻ സൗകര്യങ്ങളും ഫെഡറേഷന് ലഭ്യമാക്കുകയും സ്ഥിരം പ്രവർത്തിക്കുന്ന ഒരു ഓഫീസായി ഇത് മാറ്റുകയും വേണം.

ഓരോ ഫെഡറേഷൻ ഓഫീസുകളിലും താഴെപ്പറയുന്ന രേഖകൾ സൂക്ഷിക്കേണ്ടതാണ്.

1. ഓരോ ഗുണുഭോക്തൃ സംഘത്തിന്റെയും പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ.

2. വിവിധ ജോലികൾക്ക് സജ്ജരായിരിക്കുന്ന വിദഗ്ധരുടെ ലിസ്റ്റ് (പ്ലംബർമാർ, ഇലക്ട്രീഷ്യന്മാർ, ഹൈഡ്രോ ജിയോളജിസ്റ്റുമാർ, ഇലക്ട്രിസിറ്റി ബോർഡ്, വാട്ടർ ക്വാളിറ്റി ടെസ്റ്റിംഗ് ലാബ് തുടങ്ങിയ സ്ഥാപനങ്ങളിലെ നമ്പരുകൾ)



പരമ്പരാഗത രീതിയിലുള്ള ആദിവാസി ശുചിമുറി

3. മിനിട്ട്സ് ബുക്ക്, അക്കൗണ്ട് ബുക്കുകൾ, പരാതി ബുക്ക് തുടങ്ങിയവ.

4. വിവിധ രേഖകൾ സൂക്ഷിക്കുന്ന ഫയലുകൾ (ഓഡിറ്റ് റിപ്പോർട്ട്, വാർഷിക റിപ്പോർട്ട് സർട്ടിഫിക്കറ്റുകൾ, സംഘം റിപ്പോർട്ടുകൾ തുടങ്ങിയവ)

5. റിപ്പോർട്ടിംഗ് ബുക്ക്

6. അംഗത്വ രജിസ്റ്റർ

7. ആൽബം

സമിതിയുടെ / സംഘങ്ങളുടെ തുടർ നടത്തിപ്പിന്റെ ചുമതലക്കാരാണ് ഫെഡറേഷൻ. ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ അംഗ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടേണ്ടതായി വരും. സംഘങ്ങളുടെ സുസ്ഥിരത അവലോകനം ചെയ്യുവാനുള്ള സ്ഥിരം സംവിധാനം ഓരോ ഫെഡറേഷനുകളും ആസൂത്രണം ചെയ്യേണ്ടതാണ്. താഴെ ചേർക്കുന്ന 5 മേഖലകളിലെ സുസ്ഥിരതയാണ് സംഘത്തിന്റെ സുസ്ഥിരതയായി വിലയിരുത്തപ്പെടുന്നത്.

1. സ്രോതസ്സിന്റെ സുസ്ഥിരത

2. ജലവിതരണ സംവിധാനത്തിലെ സുസ്ഥിരത

3. ഗുണനിലവാര സുസ്ഥിരത

4. സാമ്പത്തിക സുസ്ഥിരത

5. സ്ഥാപന സുസ്ഥിരത

ഇവ വിലയിരുത്തുന്നതിനുള്ള ഒരു ഫോർമാറ്റ് തയ്യാറാക്കി കമ്മീഷൻ ചെയ്ത ബി.ജി.കളുടെ രജിസ്റ്ററുകൾക്കൊപ്പം നൽകുന്നുണ്ട്. സംഘങ്ങൾ മേൽപ്പറഞ്ഞ ഫോർമാറ്റ് പൂരിപ്പിച്ച് നൽകുകയും നിശ്ചയിക്കപ്പെട്ടിരിക്കുന്ന മാസവരി ഫെഡറേഷനിൽ അടയ്ക്കുവാൻ തയ്യാറാകുകയും ചെയ്തെങ്കിൽ മാത്രമേ ബി.ജി.ഫെഡറേഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ കഴിയുകയുള്ളൂ.

ഗ്രാമപഞ്ചായത്തിലെ മുഴുവൻ പദ്ധതികളുടെയും സുസ്ഥിരത ഉറപ്പുവരുത്താൻ സമിതികളിൽ ഒത്തൊരുമയും കൂട്ടായ്മയും വളർത്തുക, പുതിയനേതാക്കളെ വാർത്തെടുക്കുക, സാങ്കേതികമായും സാമ്പത്തികമായും സമിതികളെ സ്വയംപര്യാപ്തരാക്കുക, സാമൂഹിക പ്രവർത്തനങ്ങളിൽ തല്പരരാക്കുക, സാമ്പത്തിക അച്ചടക്കം പരിശീലിപ്പിക്കുക, അനുകരണീയമായ മാതൃകകൾ സൃഷ്ടിക്കുക, പരിശീലകരെ വാർത്തെടുക്കുക, കുടിവെള്ള ശുചിത്വമേഖലയിൽ ഒരു വിഭവകേന്ദ്രമായി മാറുക എന്നിങ്ങനെയുള്ള വിവിധ ഉദ്ദേശ്യങ്ങളോടെയാണ് ബി.ജി. ഫെഡറേഷനുകളെ ജലനിധി അണിയിച്ചൊരുക്കിയിരിക്കുന്നത്.

ജോസ് ജയിംസ്, മാനേജർ, കമ്മ്യൂണിറ്റി ഡവലപ്മെന്റ്



ലോകബാങ്ക് കൺസൾട്ടന്റ് സംജുത്ത റോയി നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുമായി ചർച്ച ചെയ്യുന്നു



# വേനലിന്റെ ദുഃഖം

നിറപുഞ്ചിരിയോടെ വേനൽ ഭൂമിയുടെ നിറുകയിൽ തലോടി. വർഷകാലത്തിന്റെ താണ്ഡവത്തിൽ തകർന്നടിഞ്ഞ നാടും നഗരവും വേനലിന്റെ വരവോട് കൂടി ഉത്സാഹത്തിമർപ്പിലായി. വൃക്ഷലതാദികളെല്ലാം ശിഖിരങ്ങൾ നിവർത്തി തങ്ങളുടെ ഇലകൾ കൊണ്ടുള്ള ഉടയാടകളെല്ലാം ചൂട് പിടിപ്പിച്ചു. കര കവഞ്ഞൊഴുകിയിരുന്ന പുഴകളെല്ലാം ശാന്തമായി ഒഴുകിത്തുടങ്ങി. കുളി കഴിഞ്ഞ് ഈറനണിഞ്ഞ ഭൂമിദേവി സൂര്യകിരണങ്ങളേറ്റ് കൂടുതൽ സുന്ദരിയായി. ഭൂമിയോട് തോന്നിയ പ്രണയം വേനൽ മനസ്സിലൊളിപ്പിച്ചു. വേനലിന്റെ പ്രണയം, വെയിലിന്റെ ചൂട് ആയി സൂര്യകിരണങ്ങളിലൂടെ ഭൂമിയ്ക്ക് മേൽ പ്രവഹിച്ചു തുടങ്ങി. വേനലിന്റെ വരവിൽ സന്തോഷം ആസ്വദിച്ച് തുടങ്ങും മുമ്പേ തന്നെ ചൂടിന്റെ അസ്വസ്ഥത ഭൂമിയെ ആകുലപ്പെടുത്തി. ജീവജാലങ്ങൾ നിരാശരാകുന്നത് കണ്ട് വേനലും സങ്കടപ്പെട്ടു. ദിവസങ്ങൾ മാസങ്ങളെ കീഴ്പ്പെടുത്തി. ദൗത്യം പൂർണ്ണമായും നിർവ്വഹിക്കാൻ വിധിക്കപ്പെട്ട വേനൽ തന്റെ മുഴുവൻ ശക്തിയും പുറത്തെടുത്തു. ഈ രൗദ്ര ഭാവത്തിനിടയിൽ വേനലിന്റെ പ്രണയം കണ്ടെത്താൻ ഭൂമിക്ക് കഴിഞ്ഞില്ല. പച്ചപ്പരവതാനികൾ മാഞ്ഞ് തുടങ്ങി. മരങ്ങളെല്ലാം ഇലപൊഴിച്ച്, ശിഖിരങ്ങളെല്ലാം ഉണങ്ങി ആകാശത്തിലേയ്ക്ക് നോക്കി കൈ കൂപ്പി നിന്നു. പുഴകൾ വറ്റി വരണ്ടു. കുടിവെള്ളം തേടി മൃഗങ്ങളെല്ലാം കാട് വിട്ട് അലയാൻ തുടങ്ങി. പക്ഷികൾ പലായനം ചെയ്യുന്നു. ദാഹജലത്തിനായി മനുഷ്യൻ നെട്ടോട്ടമോടുന്നു. ഉഷ്ണം സഹിക്കാനാകാതെ വാവിട്ടു കരയുന്ന കുഞ്ഞുങ്ങളുടെ കരച്ചിൽ അന്തരീക്ഷത്തിൽ അലയടിക്കുന്നു. അകാല വാർദ്ധക്യം സംഭവിച്ച സുന്ദരിയെപ്പോലെ തൊലികൾ ചുക്കിച്ചുളിഞ്ഞ് തന്റെ പ്രണയിനി തളരാൻ തുടങ്ങുന്നത് കണ്ട് വേനലിന്റെ ഉള്ള് പിടഞ്ഞു. ചങ്ക് തകർന്ന്, വാ പിളർന്ന് വിള്ളലുകൾ മാത്രമായി വിങ്ങിപ്പൊട്ടുന്ന ഭൂമിയുടെ കണ്ണുകളിലേക്ക് ദൈന്യതയോടെ വേനൽ നോക്കിയിരുന്നു. ആ കാഴ്ച കണ്ട് ഹൃദയം നുറങ്ങി, മനസ്സിലെ ദുഃഖം കാർമേഘമായി ആകാശത്തിൽ ഉരുണ്ട് കൂടി. വേനലിന്റെ സങ്കടം കണ്ണുനീർ തുള്ളിയായി ഭൂമിയിലേയ്ക്ക് പെയ്തിറങ്ങി. വർഷകാലം വന്നതറിഞ്ഞ് ഭൂമിയിൽ ഉത്സവമായി. ഒത്തിരി സന്തോഷത്തോടെ, വിരഹത്തോടെ വേനൽ, ഭൂമിയുടെ കാതിൽ വിട ചൊല്ലി. വേനൽ മനസ്സിൽ മന്ത്രിച്ചു. തിരിച്ചു വരും ഞാൻ. വരാതിരിക്കാനാവില്ല. വർഷകാലത്തിന്റെ താണ്ഡവത്തിന് അറുതി വരുത്താൻ ഞാനെത്തിയില്ലെങ്കിൽ പ്രളയത്തിലും പേമാരിയിലും ഒരു പക്ഷേ എനിക്ക് ഭൂമിയെത്തന്നെ നഷ്ടപ്പെട്ടേക്കാം.

**വിമൽ മുഴിപ്പറമ്പിൽ**
സിറ്റിസൺ ജേർണലിസ്റ്റ്, തീക്കോയി



# ജീവജലം

തേടുന്നു ഞാനെൻ ഗ്രാമവീഥികളിൽ
ഒരിറ്റു ദാഹജലത്തിനായ്
നിറഞ്ഞൊഴുകും പുഴകളും നീർച്ചാലുകളും
എൻ സ്മൃതിപഥങ്ങളിൽ മാത്രം
ദൂരെ നിന്നു കേൾക്കുന്ന കളകളനാദം
ദൂരേക്കു തന്നെ മാഞ്ഞുപോകുന്നു
ഇനിയെന്നു കേൾക്കും ഞാൻ
ഇനിയെന്നു കേൾക്കും ഞാൻ
എൻ ഭൂമിമാതാവിൻ കളകളാരവം
ഒരു നിമിഷത്തിൻ
വേദനയ്ക്കപ്പുറമെത്തിയെൻ
ഗ്രാമങ്ങളിൽ ജീവധാര
ഒരിറ്റു നീരിനായി കൊതിച്ച
എൻ മനം നിറഞ്ഞു
കവിഞ്ഞൊഴുകുന്നു ഭൂമിതൻ കൈക്കുമ്പിളിലേക്ക്
പെറ്റമ്മതൻ കണ്ണുനീർ തുള്ളിപോൽ
സ്ഥാനം കൊടുക്കയീ ജീവജലത്തിനായ്
കണ്ടില്ലെന്നു നടിക്കല്ലെയീ പാവം
പ്രകൃതിതൻ നൊമ്പരവും
പാഴാക്കല്ലെയീ ജീവജലവും
ഒരുമിച്ചു നിൽക്കാം കൈകോർത്തു നിൽക്കാം
വരവേൽക്കാം നമുക്കീ നിധിയെ
ശുദ്ധജലമാം ജലനിധിയെ

**ജ്യോതി റാണി ജോർജ്ജ്**
കരൂർ

**ജലനിധി പദ്ധതിക്കു വേണ്ടി തീക്കോയി പഞ്ചായത്തിൽ രൂപീകരിച്ചിരിക്കുന്ന 24 ഗുണഭോക്തൃസമിതികളെ കോർത്തിണക്കിക്കൊണ്ട് തയ്യാറാക്കിയിരിക്കുന്ന കവിത**

ഒരിറ്റു കുടിനീരിനായ് ജലനിധിയാം ദേവിയുടെ
വിരിമാറിൽ തല ചായ്ച്ചിരു ഢസൻ സമിതികൾ
ഒരിറ്റു ജലം... ഇറ്റു വീഴുന്നതും കാത്ത്
കാത്തിരിപ്പൂ ഈ മലയോര ഗ്രാമം
ആഴിയിൽ അഗ്നിയണക്കാനായി "അറുകോൺമല"
അമൃത് ചൊരിയുന്നതും കാത്ത് "ആനയിളപ്പ്"
ഒന്നച്ചൊന്നായ് ഒറ്റയാനാം "ഒറ്റയീട്ടി"
കാത്തിരിപ്പൂ "വരകുപാറ" "തീക്കോയി ടൗണിൽ"
"കൊല്ലംപാറ"യിലൊരിറ്റു നീരുറവയുടെ നാമ്പിനായ്
കണ്ണിലിമ മങ്ങാതെ "കാരികാടി"ൻ വീരപുത്രർ
കൈവള കിലുക്കി "വെള്ളികുള" ത്തിൻ നാരിമാർ
കാത്തിരിപ്പൂ "മ്ലാക്കുഴി"യുടെ മടിത്തട്ടിൽ
ഒരിറ്റു കുടിനീരിനായ് ജലനിധിയാം ദേവിയുടെ
വിരിമാറിൽ തല ചായ്ച്ചിരു ഢസൻ സമിതികൾ
ഒരിറ്റു ജലം... ഇറ്റു വീഴുന്നതും കാത്ത്
കാത്തിരിപ്പൂ ഈ മലയോര ഗ്രാമം
"എവറസ്റ്റും" "എസ്റ്റേറ്റും" ഈ കൊടും ചൂടിൽ
"വേലത്തുശ്ശേരി"യിലേക്കെത്തി നോക്കി തേങ്ങലോടെ
"വഴിക്കടവി"ൻ വഴിയിലാരോ തിരി തെളിച്ച്
കാത്തിരിപ്പൂ സഹ്യാദ്രിയാം "വാകമറ്റം"
ചാലു കീറി "ചാത്തപ്പുഴ"യാർ നീന്തിക്കടന്ന്
ഒരു മിന്നാ മിനുങ്ങിൻ നുറുങ്ങു വെട്ടമായ് "വെട്ടിപ്പറമ്പ്"
പറിക്കാൻ പാവ്വമൊരുക്കി "പടന്നമാക്കൽ"
കാത്തിരിപ്പൂ "വളവനാറിൻ" "തലയിണക്കരയിൽ"
ഒരിറ്റു കുടിനീരിനായ് ജലനിധിയാം ദേവിയുടെ
വിരിമാറിൽ തല ചായ്ച്ചിരു ഢസൻ സമിതികൾ
ഒരിറ്റു ജലം... ഇറ്റു വീഴുന്നതും കാത്ത്
കാത്തിരിപ്പൂ ഈ മലയോര ഗ്രാമം
ഒരമ്മ തൻ മാതൃ മനസ്സുമായി "മാവടി"
"ഇഞ്ചപ്പാറ"യ്ക്കാശ്വാസമേകി "ചേരിമല"ക്കരികിൽ
ഒരായിരം മംഗളാശംസകളുമായി "മംഗളഗിരി"
കാത്തിരിപ്പൂ ഒരല്പം ശാന്തിക്കായി "ശാന്തിഗിരി"ക്കരുകിൽ

**അനിൽകുമാർ** സിറ്റിസൺ ജേർണലിസ്റ്റ്, തീക്കോയി

## ഇഞ്ചിയോലിക്കാവിലിന്ന് ജലസമൃദ്ധി

കോട്ടയം ജില്ലയിലെ തലപ്പുലം പഞ്ചായത്ത് മീനച്ചിലാറിന്റെ ഓരത്താണെങ്കിലും ഏഴ് എട്ട് വാർഡുകൾ രൂക്ഷമായ കുടിവെള്ളക്ഷാമം ഉള്ള പ്രദേശങ്ങളായിരുന്നു. 400 കുടുംബങ്ങൾ ചേർന്ന് ജലനിധി പദ്ധതിയിലൂടെ രൂപീകരിച്ച ഇഞ്ചിയോലിക്കാവ് കുടിവെള്ള വിതരണ പദ്ധതി കമ്മീഷൻ ചെയ്തതോടെ ഇഞ്ചിയോലിക്കാവിൽ ജലസമൃദ്ധിയായി. മീനച്ചിലാറ്റിൽ ആറാം മൈലിൽ നിർമ്മിച്ച കിണറ്റിൽ നിന്നു പമ്പ് ചെയ്യുന്ന വെള്ളം ഓവർഹെഡ് ടാങ്കിന് കീഴിൽ സ്ഥാപിച്ചിരിക്കുന്ന രണ്ടു ശുചീകരണ പ്ലാന്റുകളിൽ ശുദ്ധീകരണം നടത്തിയാണ് വിതരണം ചെയ്യുന്നത്. കൃത്യമായും ക്രമമായും പ്രതിമാസ വെള്ളക്കരം പിരിക്കുന്നതിനും ശുദ്ധീകരിച്ച കുടിവെള്ള വിതരണം ചെയ്യുന്നതിനും സമിതിക്കു സാധിക്കുന്നുണ്ട്. പ്രതിമാസ കമ്മിറ്റികളും മൂന്നുമാസത്തിലൊരിക്കലുള്ള പൊതുയോഗങ്ങളും നടത്തി ജനപങ്കാളിത്തത്തോടെ പദ്ധതി മുന്നോട്ടു കൊണ്ടുപോകുവാനുള്ള കരുത്തും കഴിവുകളും ഉള്ളവരാണ് സമിതിയുടെ ഭാരവാഹികൾ. ക്ലോറിനേഷൻ നടത്തി ശുദ്ധീകരിച്ച വെള്ളം വിതരണം ചെയ്യുന്നതിനാൽ ഗുണഭോക്താക്കളും കമ്മിറ്റിക്കാരും സംതൃപ്തരാണ്. അംഗങ്ങളിൽ നിന്നുള്ള സംഭാവന കൊണ്ട് പുതിയതായി 25 എച്ച്.പി. യുടെ അഡീഷണൽ പമ്പു വാങ്ങുവാനും അറ്റകുറ്റപ്പണി ചെയ്യിക്കാനും സമിതിക്കു സാധിച്ചിട്ടുണ്ട്. ഇഞ്ചിയോലിക്കാവിന്റെ ദാഹം ശമിപ്പിച്ച ജലനിധിയോടുള്ള നന്ദിയും കടപ്പാടും വിവരിക്കാനാവാത്തതാണ്. കേരളം മുഴുവൻ ജനകീയ കുടിവെള്ള പദ്ധതികൾ നിർമ്മിച്ച് ജലക്ഷാമം പഴങ്കഥയാക്കാൻ ജലനിധിക്കു മാത്രമേ കഴിയൂ.

**എൻ.ജെ. ലൂക്കോസ്,** സിറ്റിസൺ ജേർണലിസ്റ്റ്, തലപ്പലം

## പരിസര ശുചിത്വത്തിനായി അണിനിരക്കാം

മലയാളികളുടെ പരിസര ശുചിത്വ അവബോധം ഇന്ന് പരക്കെ വിമർശിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. നാഗരിക സംസ്കാരത്തിന്റെ കളിത്തൊട്ടിലുകളെന്ന് ചരിത്രം വിശേഷിപ്പിക്കുന്ന നദികൾ നമ്മുടെ നാട്ടിൽ അഴുക്കുചാലുകളായിത്തീർന്നിരിക്കുന്നു. നമ്മുടെ റോഡുകളും പുഴയോരങ്ങളും കനാലുകളും പാടങ്ങളും മാലിന്യക്കൂമ്പാരങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ഈച്ചകളും പുഴുക്കളും കൊതുകുകളും എലികളും തിമിർക്കുന്ന പാതയോരത്തെ മാലിന്യക്കൂമ്പാരങ്ങളുടെ ദുർഗന്ധം നമ്മുടെ ഇന്ദ്രിയങ്ങൾക്ക് സാധാരണ അനുഭവങ്ങളായി മാറിക്കഴിഞ്ഞു. മാലിന്യത്തിന്റെ ആധിക്യത്താൽ നമ്മുടെ പല പുഴകളിലെയും മീനുകൾ ചത്ത് പൊങ്ങുകയാണത്രെ. നമ്മുടെ മണ്ണും ജലവും വായുവും മലിനീകരണത്തിന്റെ സർവ്വ സീമകളും ലംഘിച്ചു കഴിഞ്ഞു. നമ്മൾ കുടിക്കുന്ന ജലത്തിലൂടെ എത്രമാത്രം മാലിന്യങ്ങളും വിഷാംശങ്ങളുമാണ് നമ്മുടെ ശരീരത്തിൽ എത്തുന്നത്.

മഴ പെയ്ത് തുടങ്ങുന്നതോടെ എന്തെല്ലാം പകർച്ചവ്യാധികളുടെ തേരോട്ടങ്ങളാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. വയറുകടി, മഞ്ഞപ്പിത്തം, കോളറ, ടൈഫോയിഡ്, ഡെങ്കിപ്പനി, ജപ്പാൻ ജ്വരം, എലിപ്പനി തുടങ്ങിയ 90% രോഗങ്ങളുടെയും അടിസ്ഥാനം ജലമലിനീകരണമാണ്. ജലത്തിന്റെ ഭൗതിക ജൈവ രാസ ഘടനകളിലും ഗുണങ്ങളിലും ഉണ്ടാകുന്ന ദോഷകരമായ മാറ്റങ്ങളെയാണ് ജലമലിനീകരണം എന്ന വാക്കുകൊണ്ട് നമ്മൾ വിവക്ഷിക്കുന്നത്. വ്യാപാര വ്യവസായ ശാലകളിലെയും വീടുകളിലെയും അവശിഷ്ടങ്ങളും കീടനാശിനികളും രാസവളങ്ങളും ആഴക്കുഴി കക്കൂസുകൾ, കായൽ കക്കൂസുകൾ, കിണറിനടുത്തുള്ള കക്കൂസുകളും, ചാണകക്കുഴികളും, അഴുക്കുചാലുകളിൽ കെട്ടി നിൽക്കുന്ന മലിനജലം, ജലാശയങ്ങളിലെ മാലിന്യനിക്ഷേപം തുടങ്ങിയവ തന്നെയാണ് ജലജന്യരോഗങ്ങൾ കേരളത്തിൽ ഇത്ര പെരുകുന്നതിനുള്ള കാരണം.

നമ്മുടെ ശീലങ്ങളിൽ ചെറിയ മാറ്റങ്ങൾ വരുത്തിയാൽ ജലമലിനീകരണവും പകർച്ചവ്യാധികളും നിയന്ത്രിക്കാം. ഖരമാലിന്യങ്ങൾ വലിച്ചെറിയുന്നതും ദ്രവ മാലിന്യങ്ങൾ ജല സ്രോതസ്സുകളിലേക്ക് ഒഴുക്കിവിടുന്നതും അവസാനിപ്പിക്കുക. ജൈവാവശിഷ്ടങ്ങളെ കമ്പോസ്റ്റിങ്ങിലൂടെയോ ബയോഗ്യാസ് പ്ലാന്റിലൂടെയോ സംസ്കരിച്ച് വളമാക്കി മാറ്റി കൃഷിക്ക് ഉപകാരപ്പെടുത്താം. ജൈവാവശിഷ്ടങ്ങളുടെ സംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റ് ഉപയോഗിച്ചാൽ പാചകവാതകത്തിന് വേണ്ടിയുള്ള ചിലവും ഒഴിവാക്കാം. ദ്രവമാലിന്യ സംസ്കരണത്തിനായി സോക്ക്പിറ്റുകൾ (ഊറ്റുകുഴികൾ) എല്ലാ വീടുകളിലും നിർമ്മിക്കാം. കിണറിനു സമീപത്ത് കെട്ടിക്കിടക്കുന്ന മലിനജലം സോക്ക്പിറ്റിലേയ്ക്ക് ഒഴുക്കി വിടണം. കിണറിനു ചുറ്റും ആൾമറയും പ്ലാറ്റ്ഫോമും നിർമ്മിക്കാം. കിണറിൽ നിന്ന് 15 മീറ്റർ അകലത്തിൽ മാത്രം കക്കൂസ് കുഴി, ചാണകക്കുഴി, കന്നുകാലിത്തൊഴുത്ത് തുടങ്ങിയവ നിർമ്മിക്കുക.

കിണറിന് സമീപത്ത് കുളിക്കുന്നതും, മൃഗങ്ങളെ കുളിപ്പിക്കുന്നതും ഒഴിവാക്കുക. മാലിന്യം കൊത്തിക്കൊണ്ടു പറക്കുന്ന പക്ഷികളിൽ നിന്നും വൃക്ഷങ്ങളുടെ ഇലകളിൽ നിന്നും സംരക്ഷിക്കാൻ കിണറിന് വലയിടുക. ആഴക്കുഴി കക്കൂസുകളുടെ ആഴം കുറച്ച് ഇരട്ടകുഴിയാക്കുക. ഇരട്ടക്കുഴി കക്കൂസുകൾ ജലമലിനീകരണം ഉണ്ടാക്കുന്നില്ലെന്നു മാത്രമല്ല മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിക്കാൻ സഹായകമാണ്.

തിളപ്പിച്ചാറിയ, ശുചീകരിച്ച വെള്ളം മാത്രമേ കുടിക്കാനുപയോഗിക്കാവൂ. ക്ലോറിനുപയോഗിച്ച് ശുദ്ധീകരിച്ചതിനു ശേഷം മാത്രമേ കുടിവെള്ള വിതരണ പദ്ധതികളിൽ നിന്നും ജലവിതരണം നടത്താവൂ. ജലമലിനീകരണം ഉണ്ടാകുന്നുണ്ടോയെന്നറിയുന്നതിന് എല്ലാ മഴക്കാലത്തും വേനൽക്കാലത്തും (6 മാസത്തിലൊരിക്കൽ) അംഗീകൃത ലാബിൽ ജലത്തിന്റെ നിലവാര പരിശോധന നടത്തുകയും ഗുണനിലവാരത്തിലെ പോരായ്മകൾ പരിഹരിക്കുകയും വേണം.

മഴക്കാലത്തെ ജലജന്യരോഗങ്ങൾ നിയന്ത്രിക്കുന്നതിനും പരിസരശുചിത്വം ഉറപ്പു വരുത്തുന്നതിനും ജനങ്ങളിൽ ശുചിത്വബോധം വളർത്തുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒട്ടനവധി കാര്യങ്ങൾ ചെയ്യുവാനുണ്ട്. ജലമലിനീകരണത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള സെമിനാറുകളും വീഡിയോ ഷോകളും, തെരുവു നാടകങ്ങളും നടത്താവുന്നതാണ്. ശുചിത്വ പ്രതിജ്ഞ ചൊല്ലിയ്ക്കുക, പൊതുസ്ഥലങ്ങളും സ്ഥാപനങ്ങളും ജനപങ്കാളിത്തത്തോടെ ശുചിയാക്കുക, ശുചിത്വ ലഘുലേഖകൾ വിതരണം ചെയ്യുക, ജലമലിനീകരണത്തിന്റെ ഫലങ്ങൾ വിഷയമാക്കിയുള്ള പ്രസംഗം, കവിതാരചന, ഉപന്യാസം, കാർട്ടൂൺ, ക്വിസ്, പോസ്റ്റർ ഡിസൈനിംഗ്, പെയിന്റിംഗ്, മുദ്രാവാക്യം എന്നിവയിൽ മത്സരങ്ങൾ സ്കൂൾ അടിസ്ഥാനത്തിലും പഞ്ചായത്ത് അടിസ്ഥാനത്തിലും നടത്തുക.

വീടുകളിലെ പരിസരശുചിത്വം പരിശോധിക്കുന്നതിനും ജലമലിനീകരണത്തിന്റെയും ജലജന്യരോഗങ്ങളുടെയും പ്രത്യാഘാതങ്ങൾ പ്രചരിപ്പിക്കുന്നതിനുമായി അംഗൻവാടി, കുടുംബശ്രീ, ആശാ പ്രവർത്തകരുടെ ഭവനസന്ദർശനം, കിണർ ജല പരിശോധന, ബ്ലീച്ചിംഗ് പൗഡർ വിതരണം, ശുചിത്വ സന്ദേശറാലി, നിശ്ചലദൃശ്യങ്ങൾ എന്നിവ ചിലതു മാത്രമാണ്. പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ച് പ്രചരണ പരിപാടികളും സന്നദ്ധ പ്രവർത്തനങ്ങളും എല്ലാ പ്രദേശങ്ങളിലും സംഘടിപ്പിക്കാനായാൽ ജലമലിനീകരണം നമുക്ക് നിയന്ത്രണവിധേയമാക്കാം.

ദീപ, സിറ്റിസൺ ജേർണലിസ്റ്റ്, മരങ്ങാട്ടുപള്ളി

## ദുരവസ്ഥ

ഹരിതാർദ്രമായി കുളിരേകി നിന്ന
മലനിരകളിന്നെവിടെ
പാൽനുരകൾ ചിന്നിച്ചിതറിയൊഴുകിയ
നീർച്ചോലകളുമിന്നെവിടെ
ശീതളഛായയിൽ കൂടൊരുക്കി
സ്വച്ഛന്ദം വിഹരിച്ചിരുന്ന
നാനാപക്ഷിഗണങ്ങളുമെവിടെ
മലകളെയെല്ലാം മരുഭൂമിയായ് മാറ്റി
ജലമെല്ലാം മാലിന്യസ്രോതസ്സായ് മാറ്റി
സ്വയം ശവക്കുഴി തോണ്ടുന്ന നമ്മൾ
എന്തിനു രോഗവിധിയെ പഴിക്കുന്നു
പച്ചപ്പു വിരിച്ചു നാടിനുണർവ്വു നൽകിയ
നെൽപാടങ്ങളിന്നെവിടെ
അരുവിയും തോടും നദികളുമൊക്കെയും
വറ്റി വരണ്ടുകിടക്കുന്ന കാഴ്ചകൾ
കണ്ടുകരയുവാൻ ധാത്രിയാമമ്മയ്ക്കും
കണ്ണീർക്കണങ്ങളും വറ്റി വരണ്ടു പോയ്
വയലുനികത്തി മണിമന്ദിരങ്ങൾ തീർത്തു
മദാലസജീവിതം നയിക്കുന്ന മർത്ത്യർ
ഫാസ്റ്റു ഫുഡാം വിഷലിപ്തമാം ഭക്ഷണം
മദ്യവിപണി വീഥിയിലലയുന്നു
ശുദ്ധജലമില്ലാ മണ്ണിന്റെ മക്കൾക്കു
നിത്യദുരിതങ്ങൾ മാത്രം നിരന്തരം
മാറണം മാറ്റണം ഈ ദുരവസ്ഥയെ
മാറ്റുവാൻ ഒന്നായി നാമൊത്തുചേരണം

ഇന്ദ്രസേനൻ
സിറ്റിസൺ ജേർണലിസ്റ്റ്, പൂഞ്ഞാർ തെക്കേക്കര

## മൊട്ടമുടി പദ്ധതി പ്രവർത്തനം ആരംഭിച്ചു

വണ്ണപ്പുറം പഞ്ചായത്തിലെ മൊട്ടമുടി കുടിവെള്ളപദ്ധതി പഞ്ചായത്ത് പ്രസിഡന്റ് ലിസി ജോസഫ് ഉദ്ഘാടനം ചെയ്തു. വാർഡു മെമ്പർ അദ്ധ്യക്ഷത വഹിച്ചു. ഐ.ഇ.സി. കൺസൾട്ടന്റ്, പ്രോജക്ട് കമ്മീഷണർ സീനിയർ എഞ്ചിനീയർ തുടങ്ങിയവർ പങ്കെടുത്തു.

## വെയിലുകാണാംപാറ പദ്ധതി കമ്മീഷൻ ചെയ്തു

തിടനാട് ഗ്രാമപഞ്ചായത്തിലെ വെയിലുകാണാംപാറ കുടിവെള്ള വിതരണ പദ്ധതി കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോഷി ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി സാവിയോ അദ്ധ്യക്ഷത വഹിച്ചു. ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ. പ്രേംജി മുഖ്യപ്രഭാഷണം നടത്തി. പഞ്ചായത്ത് വൈസ് പ്രസിഡന്റ്, വാർഡ് മെമ്പർമാർ, ഐ.ഇ.സി. കൺസൾട്ടന്റ്, ജി.പി.എസ്.റ്റി. സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു.

എബി രാജ്, സിറ്റിസൺ ജേർണലിസ്റ്റ്, തിടനാട്



## വികസന മാതൃകകൾ ഒരുക്കി ജലവിതരണ സമിതികൾ

കേരളത്തിലെ ഗ്രാമങ്ങളിൽ കുടിവെള്ള വിതരണത്തിനായി രൂപീകരിച്ചിട്ടുള്ള ജലനിധി ശുദ്ധജല വിതരണ സമിതികൾ സാമൂഹ്യ വികസന കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. കുടിവെള്ള വിതരണ മേഖലയെ ജനകീയമാക്കിയ ജലനിധി ശുദ്ധജല വിതരണ സമിതികൾ ഗുണഭോക്താക്കൾക്കും പൊതുസമൂഹത്തിനും നൽകുന്ന സേവനങ്ങളുടെ നിര നീണ്ടതാണ്. ജലഗുണനിലവാരത്തെ കുറിച്ചുള്ള ബോധവത്ക്കരണമാണ് അവയിൽ ഏറ്റവും പ്രധാനം. ആറു മാസത്തിലൊരിക്കൽ വേനൽക്കാലത്തും വർഷകാലത്തും സമിതിയുടെ കുടിവെള്ള സ്രോതസ്സിൽ നിന്നെടുക്കുന്ന ജലം അംഗീകൃത ജലഗുണനിലവാര പരിശോധനാ ലാബിൽ നടത്തിയ നിരീക്ഷണ റിപ്പോർട്ടു പ്രകാരം ജലഗുണനിലവാര പ്രശ്ന പരിഹാരം നടപ്പിലാക്കുന്നു. ജലമലിനീകരണവും അതിന് കാരണമാകുന്ന മാലിന്യനിക്ഷേപങ്ങളെക്കുറിച്ചും അവയ്ക്കുള്ള പരിഹാരങ്ങളെക്കുറിച്ചും സമിതിയുടെ പ്രതിമാസ മീറ്റിംഗുകളിൽ വിശദമായി ചർച്ച ചെയ്ത് വേണ്ട മാറ്റങ്ങൾ നടപ്പിൽ വരുത്തുന്നത് ഗുണഭോക്തൃ കുടുംബങ്ങളുടെ ജീവിതശൈലിയിലും കാഴ്ചപ്പാടിലും വലിയ മാറ്റത്തിന് കാരണമാകുന്നുണ്ട്. ജലജന്യരോഗങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണവും അവയ്ക്കുള്ള പ്രതിരോധ പ്രവർത്തനങ്ങളും ജനങ്ങളുടെ ആരോഗ്യവും അവരുടെ ഉല്പാദന ശേഷിയും വർദ്ധിപ്പിക്കാൻ സഹായകരമാണ്. ബോധവത്ക്കരണ പരിപാടികൾക്കൊപ്പം സമിതി നടത്തുന്ന മെഡിക്കൽ ക്യാമ്പുകളും രക്തദാന ക്യാമ്പുകളും ആരോഗ്യരംഗത്തെ മികച്ച സേവനങ്ങളായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

സമിതിയുടെ വാർഷിക സമ്മേളനത്തോടും ഓണത്തോടനുബന്ധിച്ച് അംഗങ്ങൾക്ക് സമിതി വക സമ്മാനമോ ഭക്ഷ്യധാന്യ കിറ്റോ സൗജന്യമായി നൽകുന്ന പതിവും പല സമിതികൾക്കും ഉണ്ട്. സമിതി അംഗങ്ങൾക്കു വേണ്ടി നടത്തുന്ന ലഘു നിക്ഷേപ വായ്പാ പദ്ധതികളുടെ ലാഭവിഹിതം തന്നെയാണ് ഗുണഭോക്താക്കൾക്കു ലഭ്യമാക്കുന്ന സമ്മാനങ്ങളുടെയും സൗജന്യങ്ങളുടെയും സാമ്പത്തിക സ്രോതസ്സ്. കൂടാതെ അഗതികൾക്ക് അത്യാഹിതങ്ങളിൽ ചികിത്സാസഹായം സമാഹരിച്ചു നൽകാൻ സമിതികൾക്ക് കഴിയുന്നുണ്ട്. പരീക്ഷകളിൽ മികച്ച വിജയം നേടുന്ന കുട്ടികളെ ആദരിക്കാനും, ഇവരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സ്കോളർഷിപ്പ് നൽകുവാനും പല സമിതികൾക്കും സാധിക്കുന്നുണ്ട്. പദ്ധതി കമ്മീഷൻ ചെയ്ത, കുടിവെള്ളക്ഷാമം ഉള്ള പ്രദേശത്ത് പുതിയതായി കണക്ഷൻ കൊടുക്കുമ്പോൾ അഗതികൾക്ക് അംഗത്വഫീസിൽ വലിയ ഇളവ് നൽകാൻ മിക്ക സമിതികൾക്കും കഴിയുന്നുണ്ട്. അംഗങ്ങൾക്കായി പഠനയാത്രകൾ, കലാകായിക മത്സരങ്ങൾ, വാർഷിക സമൂഹസദ്യ തുടങ്ങിയവ നടത്തി അംഗങ്ങളിൽ കൂട്ടായ്മ വളർത്തുന്നതിന് കുടിവെള്ള വിതരണ സമിതികൾക്ക് സാധിക്കുന്നുണ്ട്. ഭൂഗർഭജലപരിപോഷണത്തിനായി അംഗങ്ങളുടെ ഇടയിൽ മഴക്കുഴികൾ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും പല കുടിവെള്ള സമിതികൾക്കും കഴിയുന്നുണ്ട്. സമിതിയും സർക്കാരും ചേർന്ന് ജലനിധി പദ്ധതി പൂർത്തിയായതിന് ശേഷവും ചെക്ക്ഡാം, കയ്യാല നിർമ്മാണം, ഫലവൃക്ഷത്തൈ വിതരണം എന്നിവ നടത്തി വരുന്നു. പൊതുസ്ഥലങ്ങളും ജലസ്രോതസ്സുകളും ശുചീകരിക്കുന്നതിന് കുടിവെള്ള വിതരണ സമിതികൾ ജനങ്ങളെ അണിനിരത്തിയ സംഭവങ്ങൾ ഒട്ടനവധിയുണ്ട്. വലിയ ജലസംഭരണികളായ പാടങ്ങൾ സംരക്ഷിക്കാൻ തരിശായ പാടങ്ങളിൽ നെൽകൃഷി നടത്തി മാതൃകയായ സമിതികളും ജലനിധിക്കുണ്ട്. പച്ചക്കറി വിത്തു വിതരണം, വിഷരഹിത പച്ചക്കറി വിപണനം, പച്ചക്കറികളുടെ കൂട്ടുകൃഷി തുടങ്ങിയവ വിജയകരമായി സംഘടിപ്പിക്കാനും പല ശുദ്ധജലവിതരണ സമിതികൾക്ക് കഴിയുന്നുണ്ട്. കൃത്യമായി കുടിവെള്ള വിതരണം നടത്തി, അതിനുള്ള ഫീസ് മാസംതോറും മീറ്റർ റീഡിംഗ് പ്രകാരം അംഗങ്ങളിൽ നിന്നും ശേഖരിച്ച് പ്രതിമാസ മീറ്റിംഗിൽ അതിന്റെ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് പാസ്സാക്കി ഫെഡറേഷന് മാസവരിയും പ്രതിമാസ റിപ്പോർട്ടും നൽകി, വാർഷിക തെരഞ്ഞെടുപ്പും രജിസ്ട്രേഷൻ പുതുക്കലും കൃത്യമായി നടത്തുക മാത്രമല്ല ശുദ്ധജല വിതരണ സമിതികളുടെ ദൗത്യമെന്ന് തെളിയിച്ചിരിക്കുകയാണ് പല ജലനിധി സമിതികളും. പ്രതിമാസ മീറ്റിംഗ് നടത്താനും വെള്ളക്കരം ശേഖരണത്തിനുമായി വില കൊടുത്ത് സ്ഥലം വാങ്ങി, ഓഫീസും മീറ്റിംഗ് ഹാളും നിർമ്മിച്ച് ഗ്രാമസഭകൾക്കും പൊതുപരിപാടികൾക്കും ഹാൾ വാടകയ്ക്ക് നൽകുന്ന നിരവധി മാതൃകകൾ ജലനിധിസമിതികൾ നൽകിക്കഴിഞ്ഞു. കരുതൽധനം ഉപയോഗിച്ച് സ്ഥലം വാങ്ങി പുതിയ കിണർ നിർമ്മിച്ച് ജലലഭ്യത വർദ്ധിപ്പിച്ച സമിതികൾ ഉണ്ട്. പമ്പിന് കേട് വന്നപ്പോൾ പുതിയ പമ്പ് സ്വന്തം ഫണ്ട് കൊണ്ട് വാങ്ങി ജലവിതരണം നടത്തുവാൻ നമ്മുടെ മിക്ക സമിതികൾക്കും സാധിക്കുന്നുണ്ട്. സ്രോതസ്സിൽ അധികം ജലം ഉള്ള സമിതികൾ സ്വന്തം ഫണ്ടോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ എം.പി. യുടെയോ എം.എൽ.എ. യുടെയോ ആസ്തി വികസന ഫണ്ടോ ഉപയോഗിച്ച് പുതിയ ജലസംഭരണി പണിത് സമീപ മേഖലയിലെ കുടിവെള്ളക്ഷാമം ഉള്ളവർക്ക് അംഗത്വഫീസ് വാങ്ങി കുടിവെള്ള കണക്ഷൻ നൽകിയ സംഭവങ്ങൾ നിരവധിയാണ്.

പൈപ്പ് ലൈനിലെ അറ്റകുറ്റപ്പണികൾക്കായി ടൂൾസ് കിറ്റും സ്വന്തം വാഹനവും അടങ്ങിയ മൊബൈൽ റിപ്പയറിംഗ് യൂണിറ്റുള്ള സമിതികളും ജലനിധിയ്ക്കുണ്ട്. അതെ കേരളത്തിലെ പല ഗ്രാമങ്ങളിലും ജനകീയ വികസന മാതൃകകളാണ് ജലനിധി ശുദ്ധജലവിതരണ സമിതികൾ.

**ജസ്റ്റിൻ മാർട്ടിൻ**
സിറ്റിസൺ ജേർണലിസ്റ്റ്, കൊഴുവനാൽ ജി.പി.

## ജലം

ഗ്രാമസ്വരാജെന്ന ഗാന്ധിജൻ സ്വപ്നമി-
ന്നിന്ത്യയിലാകവെ സാക്ഷാൽക്കരിക്കവെ
പട്ടിണിമരണവും പകർച്ചവ്യാധിയുമെല്ലാം
പഴങ്കഥയായിന്നു മാറിടുന്നു
ഉള്ളവനും പിന്നെ ഇല്ലാത്തവനുമായ്
അന്തരമില്ലാത്ത നാളേക്കായ് അണിചേരാം
സ്വന്തമായ് വീടും തൊഴിലുമുണ്ടാകണം
കുട്ടികളെല്ലാരും വിദ്യ അഭ്യസിക്കേണം
നല്ലൊരു നാളേക്കായ് നാമിനി നേടണം
ശുദ്ധമാം വായുവും വെള്ളവുമെന്നും
നഗരവൽക്കരണത്തിൻ ഭാഗമായിവിടെയി-
ന്നന്യമായ്ത്തീരുന്നു ഈ വക കാര്യങ്ങൾ
വികസനത്തിൻ പേരിൽ പ്രകൃതിയെ നാമിന്ന്
അടിയറ വയ്ക്കുന്നു മാഫിയ തൻ മുന്നിൽ
കുന്നുകളും ജലാശയങ്ങളുമിന്നിതാ
വികൃതമായ് മാറുന്നു സ്വാർത്ഥ താൽപര്യങ്ങളാൽ
നദികൾ വരളുന്നു കുളങ്ങൾ വറ്റുന്നു
മഴയൊന്നു പെയ്യിക്കാൻ വനങ്ങളുമില്ലാതായ്
കുന്നുകളെല്ലാമിടിച്ചു നിരപ്പാക്കി
മണ്ണിൻ ഗുണങ്ങളുമന്യമായ്ത്തീരുന്നു
പാഴാക്കയില്ല ഞാൻ പാലുപോലമൂല്യമാം
പാരിന്റെ ജീവനാം ജീവജലം'
പാഴാക്കയില്ല ഞാൻ 'ജലം' നിധിയാണെന്ന-
സത്യം വിളിച്ചോതാൻ കിട്ടുമവസരം

**മിനി സാവിയോ**
പ്രസിഡന്റ്, തിടനാട് ഗ്രാമപഞ്ചായത്ത്

## പഞ്ചായത്തുകളിൽ സുസ്ഥിരതാ അവലോകനം

ഇടുക്കി മേഖലയിലെ ശുദ്ധജലവിതരണം നടത്തുന്ന ജലനിധി ഗുണഭോക്തൃസമിതികളുടെ സുസ്ഥിരതാ അവലോകനം 25 പഞ്ചായത്തുകളിൽ വച്ച് നടത്തി. ഓരോ സമിതിയുടെയും അവലോകന റിപ്പോർട്ട് സമിതി ഭാരവാഹികൾ അവതരിപ്പിച്ചു. സമിതികളുടെ പ്രതിമാസ മീറ്റിംഗ്, പ്രതിമാസ വാട്ടർ മീറ്റർ റീഡിംഗ്, വെള്ളക്കര ശേഖരണം, ബാങ്ക് അക്കൗണ്ട് വഴിയുള്ള സാമ്പത്തിക ഇടപാടുകൾ, അർദ്ധവാർഷിക ജലഗുണനിലവാര പരിശോധന, വിതരണം ചെയ്യുന്നതിന് മുമ്പുള്ള ജലശുദ്ധീകരണം, ജലദുരുപയോഗം തടയൽ, പമ്പു ചെയ്യുന്നതിനു മുമ്പുള്ള വോൾട്ട് മീറ്റർ, ആമ്മീറ്റർ, ഇലക്ട്രിസിറ്റി മീറ്റർ റീഡിംഗ് രേഖപ്പെടുത്തൽ, പ്രതിമാസ കറന്റ് ബില്ല്, പമ്പ് ഓപ്പറേറ്റർമാരുടെയും, വാട്ടർമീറ്റർ റീഡറുടെയും പ്രതിഫലം, സമിതിയുടെ കരുതൽധന നിക്ഷേപം, പരാതി മെയിന്റനൻസ് - രജിസ്റ്റർ ഉപയോഗം, വെള്ളക്കരം രജിസ്റ്റർ, വെള്ളക്കരം കളക്ഷൻ റിപ്പോർട്ട്, മിനിട്ട്സ് ബുക്ക്, ബി.ജി. ഫെഡറേഷൻ റിപ്പോർട്ട്, പുതിയ കണക്ഷൻ നൽകൽ, ബിജി ഫെഡറേഷന് മാസവരി നൽകൽ, സമിതിയുടെ രജിസ്ട്രേഷൻ പുതുക്കൽ തുടങ്ങിയവ വിശകലനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റുമാർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, വാർഡ് മെമ്പർമാർ, മാനേജർ കമ്മ്യൂണിറ്റി ഡവലപ്മെന്റ് ഐ.ഇ.സി. കൺസൾട്ടന്റ്, ട്രൈബൽ ഡവലപ്മെന്റ് സ്പെഷ്യലിസ്റ്റ്, മാനേജർ ടെക്നിക്കൽ തുടങ്ങിയവർ അവലോകനങ്ങൾക്ക് നേതൃത്വം നൽകി.

അശോക്കുമാർ (സിറ്റിസൺ ജേർണലിസ്റ്റ് കട്ടപ്പന)

## സമിതികളിൽ സുസ്ഥിരതാ പരിശോധന

ഇടുക്കി മേഖലയിലെ 58 ജലനിധി കുടിവെള്ള വിതരണ സമിതികളിൽ ആർ.പി.എം.യു. ഉദ്യോഗസ്ഥർ സുസ്ഥിരത അവലോകന മീറ്റിംഗ് നടത്തി. സമിതിയുടെ പ്രവർത്തനങ്ങൾ ചിട്ടയായിട്ടാണോ എന്നും ഗുണഭോക്താക്കൾ സംതൃപ്തരാണോയെന്നും സമിതി പൊതുയോഗത്തിൽ വിലയിരുത്തപ്പെട്ടു. കരുതൽ ധനത്തിന്റെയും പ്രതിമാസ വെള്ളക്കരം ശേഖരണത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചും ചർച്ച ചെയ്തു. അർദ്ധവാർഷിക ജലഗുണനിലവാര പരിശോധനയും പ്രതിദിന ജലശുദ്ധീകരണവും എന്തിനു വേണ്ടിയെന്ന് യോഗം ചർച്ച ചെയ്തു. സമിതിയുടെ ലോഗ്ബുക്ക്, മിനിട്ട്സ് ബുക്ക്, വെള്ളക്കരം രജിസ്റ്റർ, വെള്ളക്കരം കളക്ഷൻ റിപ്പോർട്ട് ബുക്ക്, ഫെഡറേഷൻ റിപ്പോർട്ട് ബുക്ക്, ബാങ്ക് പാസ് ബുക്ക് തുടങ്ങിയവ പരിശോധനാവിധേയമാക്കി. മാനേജർ കമ്മ്യൂണിറ്റി ഡവലപ്മെന്റ്, ഐ.ഇ.സി. കൺസൾട്ടന്റ്, വാർഡ് മെമ്പർമാർ, പ്രോജക്ട് കമ്മീഷണർമാർ, ടീം ലീഡർമാർ, അക്കൗണ്ടന്റുമാർ, ജൂനിയർ പ്രോജക്ട് കമ്മീഷണർമാർ തുടങ്ങിയവർ നേതൃത്വം നൽകി.

## മേഖലാതല സുസ്ഥിരതാ അവലോകനം

ഇടുക്കി മേഖലയിലെ ബാച്ച് ഒന്നിലെയും ബാച്ച് രണ്ടിലെയും ജലനിധി പഞ്ചായത്തുകളിലെ ഗുണഭോക്തൃസമിതികളുടെ സുസ്ഥിരത അവലോകനം നടത്തി. മേഖലാ ഡയറക്ടർ റെജി കെ.ജി. യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട അവലോകന മീറ്റിംഗ് എച്ച്.ആർ. ഡയറക്ടർ പ്രേംലാൽ എം. ഉദ്ഘാടനം ചെയ്തു. പ്രോജക്ട് കമ്മീഷണർമാരും ടീം ലീഡർമാരും ബിജികളുടെ സുസ്ഥിരതാ റിപ്പോർട്ട് അവതരിപ്പിച്ചു. ഡെപ്യൂട്ടി ഡയറക്ടർ ഐ.ഇ.സി., ഡെപ്യൂട്ടി ഡയറക്ടർ എച്ച്.ആർ., ഡെപ്യൂട്ടി ഡയറക്ടർ ഓപ്പറേഷൻ, മാനേജർ കമ്മ്യൂണിറ്റി ഡവലപ്മെന്റ്, മാനേജർ ടെക്നിക്കൽ, ഐ.ഇ.സി. കൺസൾട്ടന്റ്, ട്രൈബൽ ഡവലപ്മെന്റ് സ്പെഷ്യലിസ്റ്റ് തുടങ്ങിയവർ സുസ്ഥിരതാ അവലോകനത്തിന് നേതൃത്വം നൽകി.




ജലതരംഗം മാധ്യമ പരിശീലനം ജലനിധി എച്ച്.ആർ. ഡയറക്ടർ എം. പ്രേംലാൽ ഉദ്ഘാടനം ചെയ്യുന്നു

## ഡോക്യുമെന്റേഷൻ

ജലനിധി ഗുണഭോക്തൃ സമിതികളുടെയും സമിതികളുടെ പഞ്ചായത്ത്തല ഫെഡറേഷന്റെയും മാതൃകാപരമായ പ്രവർത്തനങ്ങൾ ഡോക്കുമെന്റ് ചെയ്യുന്നതിനുള്ള തന്ത്രങ്ങളും ജലനിധിയുടെ മീഡിയ ഏജൻസിയായ മീഡിയമേറ്റ് ഉദ്യോഗസ്ഥരും ഇടുക്കി മേഖലയിലെ ഉദ്യോഗസ്ഥരും ചർച്ച ചെയ്തു. ചർച്ചകൾക്ക് മേഖലാ ഡയറക്ടർ റെജി കെ.ജി., ഡെപ്യൂട്ടി ഡയറക്ടർ ഓപ്പറേഷൻസ് പി.വി. ലാലിച്ചൻ, ഡെപ്യൂട്ടി ഡയറക്ടർ ഐ.ഇ.സി. രാഹുൽ യു.എസ്., മാനേജർ കമ്മ്യൂണിറ്റി ഡവലപ്മെന്റ് ജോസ് ജെയിംസ്, മാനേജർ ടെക്നിക്കൽമാരായ ശ്രീജിത്ത് , ജേക്കബ്, അബി മുണ്ടയ്ക്കൽ, ട്രൈബൽ ഡവലപ്മെന്റ് സ്പെഷ്യലിസ്റ്റ് ക്രിസ്റ്റീൻ ജോസഫ്, ഐ.ഇ.സി. കൺസൾട്ടന്റ് ജിജോ ജോസഫ്, അക്കൗണ്ടന്റ് ഷാജി, പ്രോജക്ട് കമ്മീഷണർമാരായ അനീഷ് ജോസഫ്, ജോപോൾ, മിഥുൻ, മഞ്ജു, ടീം ലീഡർ സിജോ തുടങ്ങിയവർ നേതൃത്വം നൽകി. മീഡിയ മേറ്റ് വൈസ് പ്രസിഡന്റ് അജിത്ത് സ്റ്റോറി റൈറ്റർമാരായ സുനിൽ, റിസ എന്നിവർ പങ്കെടുത്തു. കട്ടപ്പന, മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തുകളിൽ വച്ച് നടത്തിയ ചർച്ചകളിൽ വാർഡ് മെമ്പർമാരും ഗുണഭോക്തൃസമിതി ഭാരവാഹികളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവച്ചു.

## സ്ഥാപനശാക്തീകരണ പരിശീലനം

കെ.ആർ.ഡബ്ലിയു.എസ്.എ. യുടെ തൊടുപുഴ മേഖലാ ഓഫീസിനു കീഴിലുള്ള ബാച്ച് രണ്ടു പഞ്ചായത്തുകളിലെ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൂപ്പർവൈസർമാർക്കും കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർമാർക്കും സ്ഥാപനശാക്തീകരണ പരിശീലനം നടത്തി. ഇടുക്കി മേഖലാ ഡയറക്ടർ റെജി കെ.ജി. പരിശീലനം ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ഡയറക്ടർ എച്ച്.ആർ. കെ. സുരേഷ്ബാബു, മാനേജർ കമ്മ്യൂണിറ്റി ഡവലപ്മെന്റ് ജോസ് ജെയിംസ്, മാനേജർ ടെക്നിക്കൽ അബി മുണ്ടയ്ക്കൽ, ട്രൈബൽ ഡവലപ്മെന്റ് സ്പെഷ്യലിസ്റ്റ് ക്രിസ്റ്റീൻ ജോസഫ്, ഐ.ഇ.സി. കൺസൾട്ടന്റ് ജിജോ ജോസഫ്, പാണഞ്ചേരി പഞ്ചായത്തിലെ ബി.ജി. ഫെഡറേഷൻ പ്രസിഡന്റ് ലക്ഷ്മണൻമാഷ്, ടീം ലീഡർമാരായ സിജോ, അനിൽ ജോസഫ് തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു. ജലനിധി ഗ്രാമപഞ്ചായത്തുകളിലെ സോഷ്യൽ ഡവലപ്മെന്റ് ഉദ്യോഗസ്ഥരുടെ ചുമതലകൾ, സംഘങ്ങളുടെ സ്ഥാപനവൽക്കരണവും ശാക്തീകരണവും, സോഷ്യൽ ഓഡിറ്റിംഗ്, കുടിവെള്ള പദ്ധതികളുടെ തുടർനടത്തിപ്പ് പരിപാലന പ്രശ്നങ്ങൾ, ബി.ജി. ഫെഡറേഷന്റെ ചുമതലകളും പ്രവർത്തനങ്ങളും, ഗുണഭോക്തൃ സമിതികളുടെ തുടർ നടത്തിപ്പ് മാതൃകകൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു.

ബീന രാജേഷ് സിറ്റിസൺ ജേർണലിസ്റ്റ്, പൂഞ്ഞാർ തെക്കേക്കര

## ലോകബാങ്ക് പ്രതിനിധി സന്ദർശിച്ചു

കേരളസർക്കാർ ലോകബാങ്ക് സഹായത്തോടെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നടത്തുന്ന ജലനിധി പദ്ധതിയിലൂടെ നടക്കുന്ന സാമൂഹ്യ വികസന മാതൃകകൾ പഠനവിധേയമാക്കുന്നതിന് ലോകബാങ്ക് പ്രതിനിധി സംജുത്ത റോയി മറയൂർ, നെടുങ്കണ്ടം ഗ്രാമപഞ്ചായത്തുകൾ സന്ദർശിച്ചു.

ഗുണഭോക്തൃവിഹിത സമാഹരണം, പദ്ധതി നിർമ്മാണത്തിലുള്ള ജനപങ്കാളിത്തം, സുതാര്യത, പദ്ധതിയുടെ ഗുണനിലവാരം ഉറപ്പാക്കൽ, നിർമ്മാണവസ്തുക്കളുടെ വാങ്ങൽ, നടപടിക്രമം, തുടർ നടത്തിപ്പ് നിയമാവലി, ജലസ്രോതസ്സുകളിലെ അർദ്ധവാർഷിക ജലഗുണനിലവാര പരിശോധന, ജലശുദ്ധീകരണ സംവിധാനം, ജലഉപയോഗ നിയന്ത്രണം, പ്രതിമാസ വെള്ളക്കര സമാഹരണം, ബാങ്ക് ഇടപാടുകൾ, പദ്ധതി തുടർനടത്തിപ്പ് രജിസ്റ്ററുകളുടെ കൃത്യതയും തുടർച്ചയും തുടങ്ങിയ വിഷയങ്ങളിൽ പദ്ധതി ഗുണഭോക്താക്കൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ചകൾ നടത്തി. മറയൂർ ഗ്രാമപഞ്ചായത്തിലെ ആദിവാസികൾ നിർമ്മിച്ച പുറവയൽ കുടിവെള്ള വിതരണ സമിതിയുടെ പൊതുയോഗത്തിലും നെടുങ്കണ്ടം പഞ്ചായത്തിലെ പതിനാലു കുട്ടി ശുദ്ധജലവിതരണസമിതിയുടെ പൊതുയോഗത്തിലും കട്ടിക്കയം ശുദ്ധജലവിതരണ പദ്ധതിയുടെ സ്കീം ലെവൽ കമ്മിറ്റി മീറ്റിംഗിലും പങ്കെടുത്ത ലോകബാങ്ക് കൺസൾട്ടന്റ് ജനങ്ങളുമായി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ചർച്ച ചെയ്തു.

മറയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോമോൻ തോമസ്, വൈസ് പ്രസിഡന്റ് ഉഷാകുമാരി തമ്പി ദുരൈ, നെടുങ്കണ്ടം പഞ്ചായത്ത് വൈസ് പ്രസിഡന്റ് റാണി തോമസ്, മാനേജർ കമ്മ്യൂണിറ്റി ഡവലപ്മെന്റ് ജോസ് ജയിംസ്, ട്രൈബൽ ഡവലപ്മെന്റ് സ്പെഷ്യലിസ്റ്റ് ക്രിസ്റ്റീൻ ജോസഫ്, ഐ.ഇ.സി. കൺസൾട്ടന്റ് ജിജോ ജോസഫ്, പ്രോജക്ട് കമ്മീഷണർമാരായ മിഥുൻ, ആഷ്‌ലി, ടീം ലീഡർമാരായ ഷിനോജ്, സിജോ തുടങ്ങിയവർ നേതൃത്വം നൽകി.

## സമ്പൂർണ്ണ ശുചിമുറി നിർമ്മാണം ജലനിധിയുടെ ചരിത്രവിജയം

കേരളം സമ്പൂർണ്ണ ശുചിമുറി സംസ്ഥാന പട്ടം നേടിയെടുത്തതിൽ ജലനിധിയുടെ പങ്ക് നിർണായകം. സംസ്ഥാനത്ത് ശുചിമുറി ഇല്ലാത്ത കുടുംബങ്ങളിൽ നാലിൽ ഒന്നും ഇടുക്കി, പാലക്കാട് ജില്ലകളിലായിരുന്നു. 51 പഞ്ചായത്തുകളിലായി ഇരുപത്തൊന്നായിരത്തി എൺപത്തി ഒന്ന് കുടുംബങ്ങളായിരുന്നു ശുചിമുറിയില്ലാത്തവരായി ഇടുക്കിയിലുണ്ടായിരുന്നത്. ഗതാഗത സൗകര്യം ഇല്ലാത്ത ഇടമലക്കുടി പരിമിതമായി മാത്രം ഗതാഗത സൗകര്യം ഉള്ള കാന്തല്ലൂർ, വട്ടവട, മറയൂർ, മാങ്കുളം, കഞ്ഞിക്കുഴി, ബൈസൺവാലി, കൊന്നത്തടി, കരുണാപുരം, വണ്ണപ്പുറം, അറക്കുളം, ഉടുമ്പന്നൂർ, വെള്ളിയാമറ്റം, പാമ്പാടുംപാറ, നെടുങ്കണ്ടം, അടിമാലി, വാത്തിക്കുടി, രാജാക്കാട്, ചക്കുപള്ളം എന്നീ പഞ്ചായത്തുകളിലായിരുന്നു ഇടുക്കി ജില്ലയിൽ ജലനിധിയുടെ ചുമതലയിൽ ശുചിമുറികൾ നിർമ്മിച്ചത്. ഇടുക്കിയിലെ 37% പഞ്ചായത്തുകളിലെ ശുചിമുറി നിർമ്മാണ ഉത്തരവാദിത്തം ഏറ്റെടുത്ത ജലനിധി പദ്ധതിയിലൂടെ ജില്ലയിൽ 52% ശുചിമുറികളും നിർമ്മിച്ചത്.

ഓരോ പഞ്ചായത്തിലെയും ജലനിധി പദ്ധതിയുടെ ആരംഭത്തിൽ നടത്തപ്പെടുന്ന ഭവന സന്ദർശനത്തിലൂടെയും അടിസ്ഥാന വിവരശേഖരണത്തിലൂടെയും ശുചിമുറിയില്ലാത്തവരായി കണ്ടെത്തിയവരുടെ ലിസ്റ്റും ശുചിത്വമിഷൻ തയ്യാറാക്കിയ ശുചിമുറിയില്ലാത്തവരുടെ ലിസ്റ്റും വാർഡ് മെമ്പർമാർ നൽകിയ ലിസ്റ്റും സംയോജിപ്പിച്ച് തയ്യാറാക്കിയ അന്തിമ ലിസ്റ്റ് പ്രകാരമാണ് കക്കൂസ് നിർമ്മാണം പ്രവർത്തനങ്ങൾ തുടങ്ങിയത്. ഇടമലക്കുടി പോലുള്ള അതീവ ദുർഘട പ്രദേശങ്ങൾ ഉൾപ്പെട്ട ഇടുക്കി ജില്ലയായിരുന്നു ശുചിമുറി നിർമ്മാണ പുരോഗതിയിൽ സംസ്ഥാനത്ത് ഏറ്റവും പിന്നിൽ. സെപ്റ്റംബർ 30ന് ജില്ലയിലെ ശുചിമുറി നിർമ്മാണ പുരോഗതി 40%ത്തിലും താഴെ മാത്രമായിരുന്നു. ഒക്ടോബർ മാസത്തിൽ ജലനിധി പ്രവർത്തകരുടെ യുദ്ധകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് സമ്പൂർണ്ണ ശുചിമുറി ജില്ലയായി ഉയരുവാൻ ഇടുക്കിയെ സഹായിച്ചത്. അവധി ദിനങ്ങളിലും, ഞായറാഴ്ചകളിലും സജീവമായിരുന്ന ജലനിധിയുടെ റീജണൽ ഓഫീസും, പഞ്ചായത്ത് തല ജലനിധി ഓഫീസുകളും, ജലനിധി സഹായ സംഘടനാ ഓഫീസുകളും, ബിജി ഫെഡറേഷൻ ഭാരവാഹികളും, വാർഡ് മെമ്പർമാരും കൈയ്യും മെയ്യും മറന്നു പ്രവർത്തിച്ചതിന്റെ ഫലമായി 20 ദിവസം കൊണ്ട് 6500 കക്കൂസുകൾ ജില്ലയിൽ നിർമ്മിക്കാൻ സാധിച്ചു. ശുചിമുറി നിർമ്മാണ സാമഗ്രികൾ വാങ്ങുന്നതിന് ശേഷിയില്ലാത്തവർക്ക് കടകളിൽ നിന്ന് കടമായി സാധനങ്ങൾ ലഭ്യമാക്കിയും, ജല വിഭവ വകുപ്പ് മന്ത്രി മാത്യു ടി. തോമസിന്റെയും ജലനിധി എക്സിക്യൂട്ടിവ് ഡയക്ടർ ടിങ്കു ബിസ്വാളിന്റെയും പ്രത്യേക അനുമതിയോടെ അഡ്വാൻസ് ലഭ്യമാക്കിയുമാണ് സഹായിച്ചത്. റോഡു സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ വാർഡു മെമ്പർമാരുടെ നേതൃത്വത്തിൽ ജലനിധി ഭാരവാഹികളും, കുടുംബശ്രീ പ്രവർത്തകരും, സന്നദ്ധ സംഘടനകളും, മത സ്ഥാപനങ്ങളും, വിദ്യാർത്ഥികളും ശ്രമദാനങ്ങൾ നടത്തിയത് പ്രയോജനകരമായി. ഗതാഗത സൗകര്യം തീർത്തും ഇല്ലാത്ത ഇടമലക്കുടി, കാന്തല്ലൂർ, വട്ടവട, മറയൂർ, മാങ്കുളം പഞ്ചായത്തുകളിലെ ചില കുടികളിലെ ശുചിമുറിയുടെ ഭിത്തികൾ ഈറ്റയും മണ്ണും ഉപയോഗിച്ചാണ് നിർമ്മിച്ചത്. പാറപ്പുറത്ത് കല്ലുകെട്ടി ചുറ്റും മണ്ണ് നിറച്ച് കക്കൂസ് കുഴി ഉണ്ടാക്കിയ കുടുംബങ്ങളും ആദിവാസി കുടികളിലുണ്ട്. കുഴി നിർമ്മിക്കുന്നതിന് വീട്ടുമുറ്റത്ത് സ്ഥലമില്ലാത്ത കുടികളിൽ പൊതുവായി കക്കൂസ് കുഴി നിർമ്മിച്ച് കാന്തല്ലൂർ പഞ്ചായത്ത് മാതൃകയായി. വ്യക്തിഗത ശുചിമുറിയ്ക്കുള്ള സ്ഥലദൗർലഭ്യം പരിഹരിക്കാൻ കമ്മ്യൂണിറ്റി ശുചിമുറി ഉണ്ടാക്കിയാണ് മറയൂർ, കാന്തല്ലൂർ പഞ്ചായത്തുകൾ മുന്നേറിയത്. റോഡു സൗകര്യം പോലും ഇല്ലാതിരുന്ന ഇടമലക്കുടിയിൽ തമിഴ്നാട്ടിലെ വാൽപ്പാറ വഴിയും, തൃശൂർ ജില്ല വഴിയും, മൂന്നാർ വഴിയും 15 കിലോമീറ്റർ ആനയും പുലിയുമുള്ള വനത്തിലൂടെ തലച്ചുമടായി ശുചിമുറി നിർമ്മാണ വസ്തുക്കൾ എത്തിച്ചാണ് ശുചിമുറികൾ നിർമ്മിച്ചത്. കേരളത്തെ സമ്പൂർണ്ണ ശുചിമുറി സംസ്ഥനമാക്കു ന്നതിനു 8 ജില്ലകളിലായി ജലനിധിയിലൂടെ മാത്രം 34,555 കക്കൂസുകൾ നിർമ്മിച്ചിട്ടുണ്ട്.

ജിതിൻ ജെ.മങ്ങാട്ട് (എൻവയർമെന്റ് & സാനിറ്റേഷൻ സ്പെഷ്യലിസ്റ്റ്)

**എഡിറ്റർ**
റെജി കെ.ജി.
റീജിയണൽ പ്രോജക്ട് ഡയറക്ടർ

**എഡിറ്റോറിയൽ ബോർഡ്**
രാഹുൽ യു.എസ്.
ഡെപ്യൂട്ടി ഡയറക്ടർ ഐ.ഇ.സി.
ജോസ് ജെയിംസ്
മാനേജർ, കമ്മ്യൂണിറ്റി ഡവലപ്മെന്റ്
ക്രിസ്റ്റീൻ ജോസഫ്
ട്രൈബൽ ഡവലപ്മെന്റ് സ്പെഷ്യലിസ്റ്റ്

**പബ്ലിഷിംഗ് കോ - ഓർഡിനേറ്റർ**
ജിജോ ജോസഫ്
ഐ.ഇ.സി. കൺസൾട്ടന്റ്

**ഉപദേശകസമിതി**
കെ. ശ്യാമള
ഡയറക്ടർ ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ
വി.എൽ. മോഹൻകുമാർ
ഡയറക്ടർ ഓപ്പറേഷൻ
എം. പ്രേംലാൽ
ഡയറക്ടർ, എച്ച്.ആർ.ഡി.
കെ. മോഹൻ
ഡയറക്ടർ, ടെക്നിക്കൽ
എസ്. അരുൺ രാജ്
ഡയറക്ടർ എം. & ഇ.

**ജലതരംഗം ദ്വൈമാസികയുടെ തുടർന്നു വരുന്ന പ്രസിദ്ധീകരണങ്ങളിലേക്ക് ക്രിയാത്മകവും ആകർഷകവുമായ രചനകൾ**
**അയക്കേണ്ട വിലാസം**
iecjalanidhi.idukki@gmail.com,
എഡിറ്റർ, ജലതരംഗം
കെ.ആർ. ഡബ്ല്യു.എസ്.എ., ജലനിധി,
മാതാ ആർക്കേഡ്, തൊടുപുഴ - 685 584
ഫോൺ : 8281112039

Published by Regional Project Director KRWSA, Jalanidhi, Matha Arcade, Thodupuzha - 685 584, Ph : 04862 220507